കർഷകത്തൊഴിലാളി പെൻഷൻ

*93 [95] ശ്രീ. സി. വാസുദേവമേനോൻ:
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, സി. കെ. ചക്രപാണി:

ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1986 മേയ് 31 വരെ എത്രപേർക്ക് കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ചു; എത്രപേർക്ക് വിതരണം ചെയ്തു;

(ബി) ഓരോ വർഷവും വിതരണം ചെയ്തതിന്റെ കണക്ക് വ്യക്തമാക്കുമോ;

(സി) ഇതിനുവേണ്ടി കേന്ദ്രത്തിൽനിന്നും എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ;

(ഡി) 31-5-1986 വരെ കർഷകത്തൊഴിലാളികൾക്ക് നൽകേണ്ട പെൻഷന്റെ കുടിശ്ശിക എത്ര; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ:

(ഇ) 1985-86-ൽ ബഡ്ജറിൽ കർഷകത്തൊഴിലാളി പെൻഷനുവേണ്ടി വകയിരുത്തിയ സംഖ്യയിൽ തുക ലാപ്സായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(എഫ്) 1986-87-ലെ ബഡ്ജറിൽ കർഷകത്തൊഴിലാളികൾക്ക് വേണ്ടി പെൻഷൻ നൽകാൻ എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ 31-5-1986-വരെ എന്തു തുക ചെലവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) 285939 പേർക്ക് കർഷക തൊഴിലാളി പെൻഷൻ അനുവദിക്കുകയും 274677 പേർക്ക് വിതരണം ചെയ്യുകയും ചെയ്തു.

(ബി) ഓരോ വർഷവും വിതരണം ചെയ്തതിന്റെ കണക്ക് താഴെ ചേർക്കുന്നു.

1982-83	4,46,06,105	രൂപ
1983-84	11,88,06,200	രൂപ
1984-85	11,31,88,868	രൂപ
1985-86	18,01,06,000	രൂപ
1986-87	50,76,865	രൂപ

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 4,29,00,000 രൂപ

ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	—	46,06,570	രൂപ
കൊല്ലം	—	50,79,480	രൂപ
ആലപ്പുഴ	—	18,81,460	രൂപ
പത്തനംതിട്ട	—	13,56,310	രൂപ
കോട്ടയം	—	34,20,190	രൂപ
എറണാകുളം	—	32,04,130	രൂപ
തൃശ്ശൂർ	—	64,04,270	രൂപ
പാലക്കാട്	—	80,21,430	രൂപ
മലപ്പുറം	—	36,55,360	രൂപ
കോഴിക്കോട്	—	22,20,680	രൂപ
വയനാട്	—	13,55,230	രൂപ
കണ്ണൂർ	—	1,13,670	രൂപ
കാസർകോട്	—	15,60,700	രൂപ

(ഇ) ഇല്ല.

(എഫ്) 16 കോടി 53 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 31-5-1986-വരെ 50,00,000 രൂപ ചെലവാക്കിയിട്ടുണ്ട്.

ഗ്രാമ വികസന വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികസന പരിപാടികൾ

* 94 [96] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്:

,, സി. ടി. കൃഷ്ണൻ:

,, ജി. വരദൻ:

,, എൻ. ചന്ദ്രശേഖര കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികസന പരിപാടികൾ എന്തൊക്കെയാണ്;

(ബി) അവയിൽ ഏതെങ്കിലും വികസന പ്രവർത്തനങ്ങൾ നിർത്തലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്;

(ഡി) സാമൂഹ്യ വികസന പ്രവർത്തനങ്ങൾക്കായി 1985-86-ൽ ചെലവഴിച്ച തുക എത്ര?

ഗ്രാമ വികസന വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഗ്രാമ വികസന വകുപ്പ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികസന പരിപാടികൾ താഴെ പറയുന്നു.

1. ദേശീയ ഗ്രാമീണ തൊഴിൽദാന പദ്ധതി (എൻ. ആർ. ഇ. പി.)

LIBRARY ARCHIVES Kerala Legislative Assembly